**ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്**
വികാസ് ഭവൻ, തിരുവനന്തപുരം
ടെലിഫോൺ-0471-2300523, 24, 2302090
ഇ-മെയിൽ-director.mwd@gmail.com
വെബ് സൈറ്റ്-www.minoritywelfare.kerala.gov.in

ഭരണ ഭാഷ-മാതൃഭാഷ

നം.MWD/373/2024-S തീയതി.12-03-2025

ഭരണ ഭാഷ-മാതൃഭാഷ

**2024-25 സാമ്പത്തിക വർഷത്തെ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ഒന്നാം തരം മുതൽ എട്ടാം തരം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള മാർഗ്ഗദീപം സ്കോളർഷിപ്പ്അപേക്ഷസ്വീകരിക്കുന്ന അവസാന തീയതി 15.03.2025 - ാം തീയതി 5 മണി വരെ ദീർഘിപ്പിച്ചിരിക്കുന്നത്.**

**വിജ്ഞാപനം**

സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഒന്നാം തരം മുതൽ എട്ടാം തരം വരെ പഠിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ മതവിഭാഗക്കാരും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി 2024-25 സാമ്പത്തിക വർഷം **മാർഗ്ഗദീപം സ്കോളർഷിപ്പ് നൽകുന്നതിലേക്കായി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 15.03.2025-ാം തീയതി 5 മണി വരെ ദീർഘിപ്പിച്ചിരിക്കുന്നു.**

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ് നൽകുന്നത്. **₹1,500/- രൂപയാണ് സ്കോളർഷിപ് തുകയായി അനുവദിക്കുന്നത്.** കുടുംബവാർഷിക വരുമാനം ₹2,50,000/- രൂപയിൽ കവിയാൻ പാടില്ല. 30% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്.

വെബ്സൈറ്റിൽ (*https://margadeepam.kerala.gov.in)* ലഭ്യമാകുന്ന അപേക്ഷ ഫോം സ്ഥാപനമേധാവി download ചെയ്ത് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കേണ്ടതാണ്. വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ **മാർഗ്ഗദീപം പോർട്ടലിൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് സ്ഥാപന മേധാവിയുടെ ചുമതലയാണ്.** അതോടൊപ്പം വിദ്യാർത്ഥികളിൽ നിന്നും മതിയായ എല്ലാ രേഖകളും **(വരുമാന സർട്ടിഫിക്കറ്റ്, മതം/ജാതി സർട്ടിഫിക്കറ്റ്, ബാങ്ക് പാസ് ബുക്ക് പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, ആധാറിന്റെ കോപ്പി) , ബാധകമെങ്കിൽ (ഭിന്നശേഷി സർട്ടഫിക്കറ്റ് (40% നവും അതിനു മുകളിലും വൈകല്യമുള്ള വിഭാഗം), പാഠ്യേതര പ്രവർത്തനങ്ങളിൽ (സ്പോർട്സ്/കല/ശാസ്ത്രം/ഗണിതം) സർട്ടിഫിക്കറ്റ്, അച്ഛനോ/അമ്മയോ/രണ്ടുപേരും മരണപ്പെട്ടിട്ടുണ്ടെങ്കിൽ മരണ സർട്ടിഫിക്കറ്റ്)** എന്നിവ കൈപ്പറ്റി സൂക്ഷ്മ പരിശോധന നടത്തി സ്ഥാപനത്തിൽ സൂക്ഷിക്കുകയും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471-2302090, 0471-2300523 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**<u>മാർഗ്ഗരേഖ</u>**

- സ്കൂളിന്റെ സമ്പൂർണ്ണ code (അവസാനത്തെ 5 അക്കം) യൂസർ ഐ.ഡി-യായും പാസ് വേഡായും നൽകി സ്ഥാപനമേധാവി പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടതാണ്.
- ആദ്യതവണ ലോഗിൻ ചെയ്തതിനുശേഷം, സ്ഥാപനമേധാവി പാസ് വേഡ് reset ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ഒന്നാം തരത്തിലെ വിദ്യാർത്ഥികളെ കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്.
- രണ്ടാം തരം മുതൽ എട്ടാം തരം വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പ് മാനദണ്ഡം പട്ടികയാക്കി ചുവടെ ചേർക്കുന്നു:

| ക്രമ നം. | വിഭാഗം | മാർക്ക് |
|---|---|---|
| 1 | കുടുംബ വരുമാനം | Formula=(250000-Actual income)/25000 (maximum 10) |

| | | |
|---|---|---|
| | | |
| 2 | സ്പോർട്സ് /കല /ശാസ്ത്രം /ഗണിതം എന്നീ മത്സരങ്ങൾ | (maximum 10) |
| | സംസ്ഥാന തലം - എ ഗ്രേഡ് | 10 |
| | സംസ്ഥാന തലം - ബി ഗ്രേഡ് | 8 |
| | സംസ്ഥാന തലം - സി ഗ്രേഡ് | 5 |
| | റവന്യൂ ജില്ലാ തലം - എ ഗ്രേഡ് | 8 |
| | റവന്യൂ ജില്ലാ തലം - ബി ഗ്രേഡ് | 5 |
| | റവന്യൂ ജില്ലാ തലം - സി ഗ്രേഡ് | 3 |
| | ഉപജില്ല തലം - എ ഗ്രേഡ് | 5 |
| | ഉപജില്ല തലം - ബി ഗ്രേഡ് | 3 |
| | ഉപജില്ല തലം - സി ഗ്രേഡ് | 2 |
| | സ്കൂൾ തലം - എ ഗ്രേഡ് | 3 |
| | സ്കൂൾ തലം - ബി ഗ്രേഡ് | 2 |
| | സ്കൂൾ തലം - സി ഗ്രേഡ് | 2 |
| 3 | അച്ഛനും അമ്മയും അന്തരിച്ച വിദ്യാർത്ഥികൾ (മരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 4 |
| 4 | അച്ഛനോ അമ്മയോ (ആരെങ്കിലും ഒരാൾ) അന്തരിച്ച വിദ്യാർത്ഥികൾ (മരണ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 2 |
| 5 | 40 ശതമാനമോ കൂടുതലോ ശാരീരിക/മാനസിക വൈകല്യമുള്ള വിദ്യാർഥികൾക്ക് (വികലാംഗ സർട്ടിഫിക്കറ്റ് ആവശ്യമാണ്) | 4 |
| | **ആകെ മാർക്ക്** | 30 |

- **പാഠ്യേതര വിഷയങ്ങളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന ഗ്രേഡ് ഏത് ഇനത്തിനാണോ നേടിയത് ആ ഗ്രേഡാണ് നൽകേണ്ടത്.**
- **സ്ഥാപനമേധാവി സമർപ്പിച്ച വിവരങ്ങളുടെ** കൃത്യത വിദ്യാർത്ഥികൾക്ക് പരിശോധിക്കുന്നതിനായി പോർട്ടലിലുള്ളTrack details menu - **വിൽ** aadhaar

number നൽകി view ചെയ്യാവുന്നതാണ്.

- തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥികൾക്കു അവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആധാർ ബന്ധിപ്പിച്ച അക്കൗണ്ട് ഉണ്ടായിരിക്കണം, കൂടാതെ സ്കോളർഷിപ്പ് തുക ട്രഷറിയിൽ നിന്നും DBT മുഖേന അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്.
- ഒരു കുടുംബത്തിൽ നിന്നും രണ്ടിൽ കൂടുതൽ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതല്ല. ഈ സ്കീമിനു കീഴിൽ ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു സ്കീമുകളിലെ/ സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ നേടാൻ അനുവാദമില്ല.
- തെറ്റായ പ്രസ്താവനയിലൂടെ ഒരു വിദ്യാർത്ഥി സ്കോളർഷിപ് നേടിയതായി കണ്ടെത്തിയാൽ, ആ വിദ്യാർത്ഥിയുടെ സ്കോളർഷിപ്പ് ഉടനടി റദ്ദാക്കുകയും നൽകിയ സ്കോളർഷിപ്പ് തുക തിരിച്ചുപിടിക്കുന്നതുമാണ്.
- ഏതെങ്കിലും ഒരു ക്ലാസ്സിൽ മതിയായ അപേക്ഷകർ ഇല്ലാത്തപക്ഷം അപേക്ഷകരുള്ള മറ്റു ക്ലാസ്സിലെ വിദ്യാർത്ഥികളെ സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്.

Signed by
Sudhir K
Date: 12-03-2025 16:50:36

വിശ്വസ്തതയോടെ,

**സുധീർ.കെ.ഐ.എ.എസ്**

**ഡയറക്ടർ**